കെ.പി.എസ്.സി.യുടെ പ്രവർത്തന വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി

20 (3115) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി.യുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിയും മെമ്പർമാരുടെ തമ്മിലടിയുംമൂലം കാര്യക്ഷമമല്ലാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ കെ.പി.എസ്.സി.യുടെ പ്രവർത്തന വീഴ്ചകൾ എന്തെല്ലാം എന്നും ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പരീക്ഷാ സെന്ററുകൾക്ക് നൽകുന്ന യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ/പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നിവയിൽ നാളിതുവരെ കൊടുത്തു തീർക്കുവാനുള്ള തുക എത്ര വീതം എന്നു വ്യക്തമാക്കുമോ;

(സി) ചോദ്യപേപ്പർ അച്ചടി, കെട്ടിടങ്ങളുടെ വാടക, വാഹന ഇന്ധനത്തിന് നൽകുവാനുള്ള തുക എന്നീ ഇനങ്ങളിൽ നാളിതുവരെ നൽകാനുള്ള കുടിശ്ശിക എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും പി.എസ്.സി. ആവശ്യപ്പെട്ട ബഡ്ജറ്റ് തുക, സർക്കാർ നൽകിയ വിഹിതം എന്നിവയെത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തിയശേഷം റിസൾട്ട് പ്രഖ്യാപിക്കാത്ത തസ്തിക സംബന്ധിച്ച വിശദാംശങ്ങളും പരീക്ഷയോ ഇൻറർവ്യൂവോ നടത്താനുള്ളവ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

(എഫ്) കെ.പി.എസ്.സി.യെ ബഹു. സുപ്രീംകോടതി വിവരാവകാശ പരിധിയിൽ ഉൾപ്പെടുത്തിയതിനുശേഷം ഇതുമായി ബന്ധപ്പെട്ട് കെ.പി.എസ്.സി. എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.പി.എസ്.സി.യിൽ പ്രതിസന്ധികളൊന്നും നിലവിലില്ല.

(ബി) യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ/പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ മൂന്നുകോടി ഇരുപത്തി നാല് ലക്ഷത്തി എൺപതിനായിരം രൂപ (Rs. 3,24,80,000) കുടിശ്ശികയായി നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യപേപ്പർ അച്ചടി ഇനത്തിൽ നാളിതുവരെ Rs. 48,61,235 (നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി അഞ്ച്) രൂപയും കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി Rs. 5,93,846 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ്) രൂപയും നൽകുവാനുണ്ട്. വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന വകയിൽ കുടിശ്ശിക നിലവിലില്ല.

(ഡി) 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്ക് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ട ബഡ്ജറ്റ് തുകയും സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതവും താഴെക്കൊടുത്തിരിക്കുന്നു:

സാമ്പത്തിക വർഷം	*ആവശ്യപ്പെട്ട ബഡ്ജറ്റ് തുക*	*അനുവദിച്ച ബഡ്ജറ്റ് തുക*
2012-13	Rs. 1,16,04,00,000	Rs. 89,68,02,000
2013-14	Rs. 1,43,24,00,000	Rs. 1,08,32,25,000
2014-15	Rs. 1,93,93,00,000	Rs. 1,26,07,15,000
2015-16	Rs. 2,61,26,25,000	Rs. 1,30,15,58,000
2016-17	Rs. 2,28,35,16,000	Rs. 1,59,08,30,000

(ഇ) 31-12-2015-ലെ കണക്ക് പ്രകാരം പരീക്ഷ/ഇന്റർവ്യൂ എന്നിവ പൂർത്തിയായി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാനായി 42 തസ്തികകൾ ഉണ്ട്. പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചതും റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാത്തതുമായി 363 തസ്തികകളും പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാത്തതായി 1016 തസ്തികകളും വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിലേയ്ക്കായി 1291 തസ്തികകളും ഉണ്ട്.

(എഫ്) കെ.പി.എസ്.സി.-യിൽ ആസ്ഥാന/മേഖല/ജില്ലാ ഓഫീസുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 4-2-2016-ലെ വിധി പ്രകാരം പി.എസ്.സി. നടത്തുന്ന വിവരണാത്മക പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly